മലയാള മനോരമ

# ചെറുത്, അതല്ലേ വലുത്

Story Dated: Monday, November 15, 2010 2:1 hrs IST

Print | E-mail | Share    Text Size

ചെറുതാണ് സുന്ദരം, സൗകര്യപ്രദവും. മറ്റെന്തിനെക്കാളും ഇത് പ്രസക്തമാകുന്നത് വെബ് അഡ്രസുകളുടെ കാര്യത്തിലാണ്. ആകെ 140 ക്യാരക്ടറുകൾകൊണ്ട് കഥ പറയേണ്ടി വരുന്ന ട്വിറ്ററിന്റെ കാലത്ത് എന്തും ചുരുങ്ങുന്നതു തന്നെയാണ് നല്ലത്. ചില വെബ് സൈറ്റുകളിൽ യുആർഎലുകൾക്ക് കിലോമീറ്ററുകളാവും നീളം. അത് ഷെയർ ചെയ്യുക എന്നത് ചിലപ്പോൾ അസാധ്യവുമാകും. ഇത്തരം സാഹചര്യങ്ങളിലെല്ലാം നമുക്ക് സഹായകമാകുന്ന സേവനമാണ് യുആർഎൽ ഷോർട്നിങ്. നീളമേറിയ യുആർഎൽ അഥവാ വെബ്സൈറ്റ് ലിങ്കിനു പകരം അതേ ലിങ്കിന്റെ മറ്റൊരു വിലാസം അതാണ് യുആർഎൽ ഷോർട്നിങ്.

ദൈർഘ്യമുള്ള വെബ്സൈറ്റ് വിലാസത്തിലേക്ക് റീലിങ്ക് ചെയ്യുന്ന ചെറിയൊരു വിലാസം സൃഷ്ടിക്കുകയാണ് യുആർഎൽ ഷോർട്നിങ് സൈറ്റുകൾ ചെയ്യുന്നത്.ടൈനിയുആർഎൽ ( TinyURL.com) ആണ് ഈ രംഗത്തെ ആദ്യകാല സേവനങ്ങളിലൊന്ന്. പിന്നീട് ടൈനിയുആർഎൽ വിവിധ രാജ്യങ്ങളിലും വെബ്സൈറ്റുകളിലും വിലക്കപ്പെടുകയും അനേകം കമ്പനികൾ ഈ രംഗത്തേക്കു കടന്നുവരികയും ചെയ്തു. ട്രിം (Tr.im), ബിറ്റ്.ലി ( Bit.ly) തുടങ്ങിയ ഉദാഹരണം.

സേവനം ദുരുപയോഗിക്കപ്പെട്ടതിന്റെ പേരിൽ സേവനദാതാക്കൾ തന്നെ അവസാനിപ്പിച്ച ഒന്നാണ് ട്രിം. കാരണം, ഹ്രസ്വമാക്കപ്പെടുന്ന ലിങ്കുകൾ അത് സൈറ്റിലേക്കുള്ളതാണെന്ന് ലിങ്ക് നോക്കി മനസിലാക്കാനാവില്ല. അത് അശ്ലീലമോ വൈറസോ ആയിരിക്കാം. എന്തു തന്നെ ആയാലും അതിൽ ക്ലിക്ക് ചെയ്ത് സൈറ്റ് ഓപ്പണാക്കാതെ പറ്റില്ല. ഇത്തരം സൈറ്റുകൾക്ക് യുആർഎൽ ഷോർട്നിങ് അങ്ങനെ പ്രയോജനപ്രദമായിട്ടുമുണ്ട്.

സേവനദാതാക്കൾക്ക് അത്തരം കുഴപ്പം പിടിച്ച ലിങ്കുകൾ ആളുകൾ ചുരുക്കിയെടുക്കുന്നത് തടയാനും സാധിക്കില്ല. ട്വിറ്ററിൽ ഔദ്യോഗികമായി ഉപയോഗിച്ചിരുന്ന സേവനം ബിറ്റ്ലി ( Bit.ly) ആയിരുന്നെങ്കിലും അടുത്ത കാലത്ത് ട്വിറ്റർ സ്വന്തമായി ഔദ്യോഗിക യുആർഎൽ ഷോർട്നിങ് സർവീസ് തുടങ്ങിയത് ബിറ്റ്ലിയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

ലോകത്ത് ഏറ്റവും വ്യാപകമായി ഉപയോഗിക്കുന്ന ബിറ്റ്ലിയുടെ കഥ കഴിക്കാൻ ഗൂഗിളും സ്വന്തമായി യുആർഎൽ ഷോർട്നിങ് തുടങ്ങിയതാണ് പുതിയ വാർത്ത. യുആർഎൽ ഷോർട്നിങ് വലിയ കാര്യമല്ലെങ്കിലും വിശ്വാസ്യത വലിയ കാര്യമാണെന്നതാണ് ട്വിറ്ററും ഗൂഗിളും ഈ രംഗത്തേക്കു നേരിട്ടു കടന്നു വരുന്നതിന്റെ പ്രസക്തി. ടി.കോം ( T.com) എന്നതാണ് ട്വിറ്ററിന്റെ സേവനം, ഗൂ.ഗിൾ ( Goo.gl) ആണ് ഗൂഗിളിന്റെ യുആർഎൽ ഷോർട്നിങ് സേവനം. ബിറ്റ്.ലിയും ഗൂ.ഗിളുമൊക്കെ പൊതു ഉപയോഗത്തിനുള്ളതാണെങ്കിൽ ട്വിറ്റർ സേവനം എല്ലാവർക്കും ലഭ്യമല്ല. ട്വീറ്റ് ചെയ്യുന്ന ലിങ്കുകൾ അപകടകരമല്ലെങ്കിൽ മാത്രം ഹ്രസ്വമാക്കാനുള്ളതാണ് ട്വിറ്ററിന്റെ സേവനം.

ടിവി ചാനൽ കമ്പനികൾ വെബ്സൈറ്റ് ഉണ്ടാക്കി .ടിവി ( .tv) എക്സ്റ്റൻഷൻ വ്യാപകമായി ഉപയോഗിച്ചപ്പോൾ ആ എക്സ്റ്റൻഷന്റെ ഉടമസ്ഥാവകാശമുള്ള ടുവാലു എന്ന കൊച്ചു ദ്വീപ് കാശുണ്ടാക്കിയതുപോലെ ബിറ്റ്.ലി ഉൾപ്പെടെയുള്ള .ലി (.ly) സൈറ്റുകൾ ആ എക്സ്റ്റൻഷൻ ഉടമസ്ഥാവകാശമുള്ള ലിബിയയെയും സഹായിക്കുന്നുണ്ട്.

ഗൂഗിൾ ഉപയോഗിക്കുന്ന .ജിഎൽ എക്സ്റ്റൻഷൻ ഗ്രീൻലാൻഡിന്റേതാണ്. എന്നാൽ, അതാത് രാജ്യങ്ങളിലെ സൈബർ നിയമങ്ങൾ അനുസരിച്ചു മാത്രമേ ഈ സേവനങ്ങൾക്കു പ്രവർത്തിക്കാനാവൂ എന്നതാണ് മറ്റൊരു സംഗതി.